**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹനമിട്ട ചോദ്യം നം. 202** **07-07-2022 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പദ്ധതികൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പദ്ധതികൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന 'പി.എം.കുസും പദ്ധതി', 'സൗര' തുടങ്ങിയ പദ്ധതികളെല്ലാം സൗരോർജ്ജ മേഖലയിലെ സംരംഭകർക്ക് പങ്കെടുക്കാൻ ഉതകുന്ന പദ്ധതികളാണ്. |
| (ബി) | സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി അനെർട്ട് വഴി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സൗരോർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഊർജ്ജമിത്ര കേന്ദ്രങ്ങളിലെ ടെക്നീഷ്യന്മാർക്കും, സംരംഭകർക്കും പ്രത്യേക പരിശീലന പരിപാടികൾ അനെർട്ട് നല്കിവരുന്നു.<br><br>പുതിയ സംരംഭകർക്കായി സൗരോർജ്ജ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങളും, എം.എസ്.എം.ഇ., ബാങ്കിംഗ് എന്നീ മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തി അനെർട്ട് 103 പേർക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. വിപുലമായ പരിശീലന പരിപാടി തുടർന്നും സംഘടിപ്പിക്കുന്നതാണ്. സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പ്രത്യേക ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും അനെർട്ട് ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ആകെ 20 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യത ഉറപ്പിക്കുന്നതിനും വേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നതു മുതൽ പ്ലാന്റ് സ്ഥാപിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് '**ബൈ മൈ സൺ**' എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) | ജനങ്ങളെ കൂടുതലായി സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കാനായി വിപുലമായ പ്രചാരണ പരിപാടി തയാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ജനങ്ങളെ കൂടുതലായി സൗരോർജ്ജ പദ്ധതിയിലേക്ക് ആകർഷിക്കാനായി വിപുലമായ പ്രചാരണ പരിപാടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ജനപങ്കാളിത്തം ഉറപ്പാക്കാനും കൂടുതൽ പേരെ ഇതിലേക്ക് ആകർഷിക്കാനുമായി കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും പലതവണ രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സമൂഹ മാദ്ധ്യമങ്ങൾ വഴിയും പത്ര മാദ്ധ്യമങ്ങളിലൂടെയും '**സൗര**' പുരപ്പുറ പദ്ധതിയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സൗരോർജ്ജ പദ്ധതിയെക്കുറിച്ച് ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കുമിടയിൽ വ്യാപകമായ ആശയ പ്രചാരണം നടത്തുന്നതിനായി ചുവടെ ചേർക്കുന്ന പ്രചരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

1)കെ. എസ്. ഇ. ബി. എൽ. - ന്റെ എല്ലാ ഓഫീസുകളിലും പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന സർക്കാർ ഓഫീസുകളിലും പതിപ്പിക്കുന്നതിനായി 'സൗര' പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങുന്ന ഒരു ഡബിൾ ഡമ്മി പോസ്റ്റർ തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നതിന് ബ്രോഷറുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

2)എഫ്.എം.ചാനലുകൾ വഴി മൂന്ന് മാസം സൗര പദ്ധതിയെക്കുറിച്ച് റേഡിയോ പരസ്യങ്ങൾ തുടർച്ചയായി നൽകിക്കഴിഞ്ഞു.

3)സൗര പദ്ധതിയുടെ വിവിധ വശങ്ങൾ അടങ്ങിയ പരസ്യ ചിത്രം ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയെ ഉൾക്കൊള്ളിച്ചുകൊണ്ട് ചിത്രീകരിക്കുകയും അത് കെ.എസ്.ഇ.ബി. എൽ-ന്റെ വിവിധ ഔദ്യോഗിക പരിപാടികളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4)കാർട്ടൂൺ അക്കാഡമിയുമായി ചേർന്ന് സൗരപദ്ധതിയുടെ ആശയം ഉൾക്കൊള്ളുന്ന കാർട്ടൂണുകൾ സൃഷ്ടിക്കുന്നതിന് ഒരു ക്യാമ്പ് സംഘടിപ്പിക്കുകയും അത്തരത്തിൽ ലഭിച്ച കാർട്ടൂണുകളുടെ പൊതു പ്രദർശനവും സോഷ്യൽ മീഡിയ വഴിയുള്ള പ്രദർശനവും നടത്തുവാൻ തീരുമാനിച്ചിരിക്കുകയുമാണ്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി നടപ്പാക്കുന്നതിന് '**സൗരതേജസ്സ്'** എന്ന പേരിൽ പ്രത്യേക ക്യാമ്പയിനും അനെർട്ട് നടത്തിവരുന്നു. സന്നദ്ധസംഘടനകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഊർജ്ജമിത്ര സംരംഭകർ, റസിഡന്റ്സ് വെൽഫെയർ അസോസി യേഷനുകൾ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ എന്നിവരിൽ നിന്ന് ക്യാമ്പയിൻ പാർട്ട്ണർ ആകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിക്കുകയും 170 പേരെ സൗരോർജ്ജ പദ്ധതികളുടെ പ്രചാരണത്തിനുള്ള ക്യാമ്പയിൻ പാർട്ട്ണർ ആയി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇവർ മുഖേന വിവിധ ബോധവൽക്കരണ പരിപാടികളും, പദ്ധതിയിലേക്കുള്ള അപേക്ഷകൾ

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനുള്ള സ്പോട്ട് രജിസ്ട്രേഷനും സംഘടിപ്പിച്ചുവരുന്നു.<br><br>സൗരോർജ്ജ പദ്ധതികളെ സംബന്ധിച്ച് പത്ര മാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, എഫ്.എം. റേഡിയോകൾ എന്നിവ മുഖേനയുള്ള പ്രചാരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രധാന നഗരങ്ങൾ, പ്രധാന ഓഫീസുകൾ എന്നിവ കേന്ദ്രീകരിച്ചും പ്രത്യേക പ്രചാരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ